വിവാഹ ധനസഹായം

221 (6926) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതിയിൽപ്പെടുന്ന എത്ര യുവതികൾക്ക് എത്ര രൂപവീതം വിവാഹധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട എത്ര യുവതികളുടെ അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഈ വിഭാഗത്തിൽപ്പെട്ട 6030 യുവതികളുടെ അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ട്.

ഹോസ്പിറ്റൽ മാനേജ്മെന്റിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം

222 (6927) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2011-ലെ സർക്കാർ ഉത്തരവ് (ആർടി.) 394/2011/എസ്.സി./എസ്റ്റി.ഡി.ഡി. പ്രകാരം ഭരണാനുമതി നൽകിയ ഹോസ്പിറ്റൽ മാനേജ്മെന്റിൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. എന്ന സ്ഥാപനം പദ്ധതി നടപ്പാക്കുന്നതിൽനിന്നും പിൻമാറിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ഏജൻസി പദ്ധതി നടപ്പാക്കാനുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ആദ്യ സർക്കാർ ഉത്തരവിൽനിന്നും വ്യത്യസ്തമായ പുതിയ കോഴ്സുകളാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ പരിഗണിക്കുന്ന പുതിയ കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാമെന്ന് കണ്ണമ്പ്ര പഞ്ചായത്ത് രേഖാമൂലം ഉറപ്പുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത പഞ്ചായത്തിൽ സ്ഥാപനം തുടങ്ങുന്നത് സംബന്ധിച്ച സർക്കാർ തീരുമാനവും നയവും എന്താണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സ്ഥാപനം തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെങ്കിൽ നടന്നുവരുന്നതോ ആരംഭിക്കാനുദ്ദേശിച്ചതോ ആയ പ്രവർത്തനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം-ഇൻ-ഹോസ്പിറ്റൽ മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനായി 31-3-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 394/2011/പട്ടി.പവ.വിവി. ഉത്തരവുപ്രകാരം KIIRWS എന്ന സ്ഥാപനത്തിന് 2.99 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ KHRWS-ന് സ്ഥാപനം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോ കോഴ്സ്/കരിക്കുലം സിലബസ് എന്നിവ തയ്യാറാക്കുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യമോ ഇല്ലാത്തതിനാൽ പദ്ധതി നടപ്പാക്കുന്നതിൽ നിന്നും KIIRWS പിൻമാറിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പദ്ധതിക്കായി അനുവദിച്ച തുക തിരിച്ചടയ്ക്കാനുള്ള സർക്കാർ നിർദ്ദേശ പ്രകാരം KHRWS പ്രസ്തുത തുക പലിശസഹിതം തിരിച്ചടച്ചിട്ടുണ്ട്.

(സി-ഇ) പുതിയ ഏജൻസിയെ നിശ്ചയിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി&എച്ച്) ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

പാലക്കാട് മെഡിക്കൽ കോളേജ്

223 (6928) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജിനായി എത്ര തുകയാണ് നീക്കിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിലേക്ക് ജീവനക്കാരുടെ നിയമന നടപടികൾ ആരംഭിച്ചുവോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലേക്കാണ് ഇപ്പോൾ നിയമനം നടത്തുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിലേക്ക് വിവിധ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ നിയമനത്തിനായി അവലംബിച്ചിട്ടുള്ള രീതി എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly